(സി) ഇത് കേന്ദ്രസർക്കാരിന്റെ സ്കീമാണ്. ഇക്കാര്യത്തിൽ കേന്ദ്രസർക്കാർ ആണ് തീരുമാനമെടുക്കേണ്ടത്.

കൈത്തറി സഹകരണ സംഘങ്ങൾക്കുള്ള റിബേറ്റ്

81 (598) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റിന്റെ നിർദ്ദേശമനുസരിച്ച് കൈത്തറി തുണിത്തരങ്ങൾക്ക് 20% വില കുറച്ച് വിൽപ്പന നടത്തിയ വിവിധ കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾക്ക് കൊടുത്തു തീർക്കുവാനുള്ള റിബേറ്റ് തുക എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ പ്രാഥമിക സഹകരണ സംഘങ്ങൾ, വ്യവസായ സഹകരണ സംഘങ്ങൾ, ഹാന്റക്സ്, ഹാൻവീവ് എന്നിവയ്ക്ക് നൽകാനുള്ള തുക എത്ര വീതമെന്ന് വിശദമാക്കുമോ ;

(സി) ഈ റിബേറ്റ് തുക കൊടുത്തു തീർക്കാതിരിക്കുവാനുള്ള കാരണമെന്താണ് ;

(ഡി) ക്ലെയിം ചെയ്ത റിബേറ്റ് തുക നിരസിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്;

(ഇ) പ്രസ്തുത കുടിശ്ശിക തുക എന്നത്തേക്ക് കൊടുത്തു തീർക്കാനാവും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1,42,14,445 രൂപ

(ബി) വ്യവസായ സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്ക് 1,42,14,445 രൂപയും ഹാന്റെക്സിന് 2,49,12,665 രൂപയും ഹാൻവീവിന് 2,84,93,235 രൂപയും കൊടുക്കുവാനുണ്ട്.

(സി) ഫണ്ടിന്റെ ലഭ്യത അനുസരിച്ചാണ് റിബേറ്റ് തുക നല്കി വരുന്നത്.

(ഡി) റിബേറ്റ് അനുവദിക്കുന്നതിന് നിലവിലുള്ള ചട്ടങ്ങളും മാനദണ്ഡങ്ങളും പാലിക്കാതിരിക്കുമ്പോഴാണ് റിബേറ്റ് തുക നിരസിക്കുന്നത്.

(ഇ) ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി റിബേറ്റ് കുടിശ്ശിക നല്കി കൊണ്ടിരിക്കുകയാണ്.

എം.സി.എ. ഇനത്തിൽ അനുവദിച്ച തുക

82 (599) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1996-97, 1997-98 എന്നീ വർഷങ്ങളിൽ കൈത്തറി സഹകരണ സംഘങ്ങൾക്കായി എം.സി.എ. ഇനത്തിൽ എന്തു തുക കേന്ദ്രസർക്കാർ അനുവദിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly